# ലിറ്റിൽ കൈറ്റ്സ്

## ജി എച്ച് എസ് എസ് കൊടുവള്ളി

### മാസാന്ത്യ വാർത്താപത്രിക

ഡിസംബർ 2025

ചീഫ് എഡിറ്റർ :ലിയ ഫാത്തിമ    എഡിറ്റർ : ഫാത്തിമ നിദ , അനന്തു സുനീഷ് , മുഹമ്മദ് ഹാദി സി കെ    സ്റ്റാഫ് എഡിറ്റർ റീഷ പി

## ലോക ഭിന്നശേഷി ദിനം




കൊടുവള്ളി : ജി.എച്ച്.എസ് കൊടുവള്ളിയിലെ ജെ.ആർ സി . എസ്.പി സി, ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ കിടപ്പിലായ ഭിന്നശേഷി വിദ്യാർത്ഥികളുടെ വീട്ടുിൽ സന്ദർശനം നടത്തി സമ്മാനങ്ങളും ഉപഹാരങ്ങളും നൽകി. എട്ടാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ അവർ തയ്യാറാക്കിയ ആനിമേഷനും ഗെയിമുകളും കാണിച്ചുകൊടുത്തു. ലാപ്ടോപ്പ് ഉപയോഗിച്ച് ചിത്രം വരയ്ക്കുന്നത് പരിചയപ്പെടുത്തി. സ്കൂളിലെ പ്രവർത്തനങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച കാണിച്ചുകൊടുത്തു ലിറ്റിൽ കൈറ്റ്സ് മെൻറർമാരും സ്പെഷ്യൽ എഡ്യൂക്കേറ്ററും വിദ്യാർത്ഥികളും കേക്ക് മുറിച്ച സന്തോഷം പങ്കിട്ടു. കൂടാതെ സ്കൂളിലെ കുട്ടികളിൽ നിന്ന് ശേഖരിച്ച വസ്തുക്കളുമായി പൂനൂർ അസ്മാൻ ഭിന്ന ശേഷി വിദ്യാലയം സന്ദർശിച്ചു. പാട്ടും ഡാൻസുമായി മണിക്കൂറുകൾ അവരോടൊപ്പം ചെലവഴിച്ചാണ് കുട്ടികൾ തിരിച്ചത്. പത്താം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ ഭിന്നശേഷി വിദ്യാർഥികൾക്കായി കമ്പ്യൂട്ടർ ട്രെയിനിങ് പ്രോഗ്രാം സംഘടിപ്പിച്ചു. അഞ്ചു മുതൽ 10 വരെ ക്ലാസുകളിലെ പഠന പിന്തുണ ആവശ്യമുള്ള വിദ്യാർത്ഥികൾക്കായി സ്കൂളിലെ റിസോഴ്സ് റൂമിൽ വച്ചാണ് ക്ലാസുകൾ നടത്തിയത്. കമ്പ്യൂട്ടർ ഓൺ ചെയ്യാനും ഓഫ് ചെയ്യാനും ലിബർ ഓഫീസ് റൈറ്ററിൽ പേര് ടൈപ്പ് ചെയ്യാനും കുട്ടികൾക്ക് പരിശീലനം നൽകി. കൂടാതെ ഇങ്ക് സ്കേപ്പ് സോഫ്റ്റ്‌വെയറിൽ ഷേപ്പുകൾ വരയ്ക്കുന്നതിനും കളർ നൽകുന്നതിനും അതിലൂടെ മൗസ് മൂവ്മെന്റ് പരിശീലനം നൽകുന്നതിനും സാധിച്ചു.. 2023 26 ബാച്ചിന്റെ നേതൃത്വത്തിലാണ് ക്ലാസുകൾ നടത്തിയത്. ലിറ്റിൽ കൈറ്റ്സ് മെന്റർമാരായ ഫിർദൗസ് ഭാനു, റീഷ പി, വിജിത, സ്പെഷ്യൽ എഡ്യൂക്കേറ്റർ ഷിത എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.

## ഡിസംബർ മാസത്തിലൂടെ

ഡിസംബർ 1
ലിറ്റിൽ കൈറ്റ്സ് ടീം അവരുടെഗ്രൂപ്പ് വർക്കിന്റെ ഭാഗമായി 'ജീവിതശൈലി രോഗവും പ്രതിരോധമാർഗങ്ങളും' എന്ന വിഷയവുമായി ഡോക്ടർ അബ്ദുല്ല സാറുമായി സംവദിച്ചു.

ഡിസംബർ 2
എനർജി ക്ലബ്ബും സയൻസ് ക്ലബ്ബും സംയുക്തമായി ഹരിത വിദ്യാലയം പ്രോജക്ടിന്റെ ഭാഗമായി സ്കൂളിൽ വെച്ച് എൽഇഡി നിർമ്മാണ വർക്ക് ഷോപ്പ് നടത്തി.

ഡിസംബർ 4
ഭിന്നശേഷി ദിനത്തോടനുബന്ധിച്ച് വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ വിവിധ പരിപാടികൾ നടത്തി. സ്കൂളിലെ ഭിന്നശേഷി വിദ്യാർഥികളുടെ വീടുകൾ സന്ദർശിച്ചു.ഭിന്നശേഷി വിദ്യാലയത്തിലെ കുട്ടികൾക്ക് നമ്മുടെ സ്കൂളിലെകുട്ടികൾ സോപ്പ്, പേസ്റ്റ്, ബ്രഷ്,തോർത്ത് എന്നിവ സമ്മാനമായി നൽകി.ഹരിത വിദ്യാലയം റിയാലിറ്റി ഷോയി ലേക്ക് ഉള്ള വീഡിയോ ഷൂട്ടിംഗ് ആരംഭിച്ചു.രക്ഷിതാക്കൾക്കുള്ള കമ്പ്യൂട്ടർ ക്ലാസ്സ് ഹൈസ്കൂൾ വിഭാഗം ഐടി ലാബിൽ വെച്ച് നടന്നു .കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ അവരെ പരിചയപ്പെടുത്തി.അമ്മ വായന' യ്ക്കുള്ള പുസ്തകവുമായി പുസ്തക വണ്ടി ഓരോ വീടുകളിലേക്കും പുറപ്പെട്ടു.

ഡിസംബർ 8
ഹൈസ്കൂൾ വിഭാഗം എസ് ആർ ജി മീറ്റിംഗ് നടന്നു.
ഹൈസ്കൂൾ വിഭാഗം അസംബ്ലി ഗ്രൗണ്ടിൽ വച്ച് നടന്നു.

ഡിസംബർ 10
ഡിസംബർ 10 ,11 ,12 ദിവസങ്ങളിൽതദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പ് ആയതിനാൽ സ്കൂളിന് അവധി .

ഡിസംബർ 15
അർദ്ധ വാർഷിക പരീക്ഷ ഇന്നു മുതൽ ആരംഭിച്ചു.

ഡിസംബർ 18
വൈകുന്നേരം 3 :30 ന് സ്റ്റാഫ് മീറ്റിംഗ് നടന്നു.

ഡിസംബർ 19
ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ തുഷാരം കുടുംബശ്രീ അംഗങ്ങൾക്ക് കമ്പ്യൂട്ടർ ക്ലാസ്സ് നൽകി.

ഡിസംബർ 20
2025–28 ബാച്ചിലുള്ള ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്ക് മീഡിയ ആൻഡ് ഡോക്യുമെന്റേഷനിൽ ലിറ്റിൽ കൈറ്റ്സ് റുട്ടീൻ ക്ലാസ് നടന്നു.

ഡിസംബർ 23
എട്ടാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ നേതൃത്വത്തിൽ സത്യസായി സേവാശ്രമം വൃദ്ധസദനം സന്ദർശിച്ചു.
പരീക്ഷകൾ വൈകുന്നേരത്തോടുകൂടി അവസാനിച്ചു.ക്രിസ്തുമസ് അവധിക്കായി സ്കൂളുകൾ അടച്ചു.

ഡിസംബർ 29
ഉമ്പൂർമുഴി വാർഡ് കൗൺസിലർ ഷബ്ന സുനീറും ടീം അംഗങ്ങളും സന്ദർശിച്ചു

## ലിറ്റിൽ കൈറ്റ്സ് ഉപജില്ലാ ക്യാമ്പ്




കൊടുവള്ളി : കൊടുവള്ളി ഉപജില്ലയിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന 2024 27 ബാച്ച് ലിറ്റിൽസ് അംഗങ്ങൾക്കുള്ള ഉപജില്ല ക്യാമ്പ് ജിഎച്ച്എസ്എസ് കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്നു. പ്രോഗ്രാമിങ്ങ്, ആനിമേഷൻ എന്നീ വിഭാഗങ്ങളിലാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ഡിസംബർ 27, 29 എന്നീ ദിവസങ്ങളിൽ ആയി നടന്ന ക്യാമ്പിൽ സ്കൂളിൽ നിന്നും എട്ടു കുട്ടികൾ പങ്കെടുത്തു . അനന്തു സുനീഷ്, മുഹമ്മദ് ആഷിക്, മുഹമ്മദ് ഇംതിയാസ്, നിരഞ്ജ് എസ് എന്നീ വിദ്യാർത്ഥികൾ പ്രോഗ്രാമിംഗ് വിഭാഗത്തിലും ഫാത്തിമ നിത കെ കെ , ലിയ ഫാത്തിമ വി വി, അൻഷാദ് യുകെ, മുഹമ്മദ് ഹാദി സി കെ എന്നീ വിദ്യാർത്ഥികൾ ആനിമേഷൻ വിഭാഗത്തിലും പങ്കെ ടുത്തു.

## കമ്പ്യൂട്ടർ ക്ലാസ്



കൊടുവള്ളി: കൊടുവള്ളിഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് വിദ്യാർത്ഥികൾ കൊടുവള്ളി മോഡേൺ ബസാറിൽ പ്രവർത്തിക്കുന്ന തുഷാരം കുടുംബശ്രീ യൂണിറ്റ് സന്ദർശിച്ചു . കുടുംബശ്രീ അംഗങ്ങൾക്ക് സൈബർ സുരക്ഷാ ക്ലാസും കമ്പ്യൂട്ടർ സാക്ഷരത ക്ലാസും എടുത്തു. നമ്മുടെ ഈ ഹൈടെക് കാലഘട്ടത്തിൽ സൈബർ സുരക്ഷാ ക്ലാസ് അമ്മമാർക്ക് വളരെയധികം ഉപകാരപ്രദമായി എന്ന് അംഗങ്ങൾ അഭിപ്രായപ്പെട്ടു. പത്താം ക്ലാസിൽ പഠിക്കുന്ന ഫാത്തിമ ശാദിയ ആദിത്യ എം എസ് ഹിബ ഫാത്തിമ നജാ ഫാത്തിമ എന്നീ വിദ്യാർത്ഥികളാണ് ക്ലാസ് എടുത്തത്. എട്ടാം ക്ലാസിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും പങ്കെടുത്തു. ലിറ്റിൽ കൈറ്റ്സ് മെൻറർമാരുടെ നേതൃത്വത്തിൽ പത്തോളം കുട്ടികൾ ഈ പരിപാടിയിൽ പങ്കെടുത്തു. ഇത്തരം ക്ലാസുകൾ ഇനിയും ലഭി ക്കുകയാണെങ്കിൽ വളരെ ഉപകാരപ്രദമാണെന്ന് ഭാരവാഹികൾ അഭിപ്രായപ്പെട്ടു

## സ്നേഹ യാത്ര



കൊടുവള്ളി: കൊടുവള്ളിഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ് വിദ്യാർത്ഥികൾ കൊടുവള്ളി എരഞ്ഞിക്കോത്ത് പ്രദേശത്തുള്ള ശ്രീ സത്യസായി സേവാകേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വൃദ്ധസദനം സന്ദർശിച്ചു. കുട്ടികൾ സ്വയം തയ്യാറാക്കിയ റോബോട്ട് ,ലഗോ കിറ്റ് ഉപയോഗിച്ച് തയ്യാറാക്കിയ റോവർ ഗെയിം പ്രോജക്ട് എന്നിവ അവിടുത്തെ അന്തേവാസികൾക്ക് കാണിച്ചുകൊടുക്കുകയും അത് അവരെക്കൊണ്ട് പ്രവർത്തിപ്പിക്കുകയും ചെയ്തു കേക്ക് മുറിച്ചു സന്തോഷം പങ്കിട്ടു. ക്ലബ്ബിൻറെ വകയായി ഒരു ചെറിയ സഹായവും നൽകി എല്ലാവർക്കും ക്രിസ്തുമസ് പുതുവത്സര ആശംസകൾ നേരുകയും ചെയ്തു. ലിറ്റിൽ കൈറ്റ്സ് മെൻറർമാരുടെ നേതൃത്വത്തിൽ നടന്ന ഈ സന്ദർശനം കുട്ടികൾക്കും അവിടുത്തെ അമ്മമാർക്കും പരസ്പരം സ്നേഹവും സന്തോഷവും പങ്കിടാനുള്ള ഒരു അവസരമായി മാറി.

## അഭിമുഖം



കൊടുവള്ളി: കൊടുവള്ളിഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ ലിറ്റിൽകൈറ്റ്സ് ക്ലബ്ബ് കൊടുവള്ളിയിലെ ജനകീയനായ ഡോക്ടർ അബ്ദുല്ല സാറുമായി അഭിമുഖം നടത്തി. ജീവിതശൈലി രോഗങ്ങളും പ്രതിരോധ മാർഗങ്ങളും എന്നീ വിഷയത്തെക്കുറിച്ചാണ് കുട്ടികൾ അദ്ദേഹവുമായി സംവദിച്ചത്. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളായ നസ്രിയ ഫാത്തിമ കെ കെ, ആദിത്യ എം എസ് എന്നീ വിദ്യാർത്ഥികളാണ് ഡോക്ടറുമായി സംസാരിച്ചത്. ജാസിബ് എം എം, മുഹമ്മദ് ബിലാൽ ഒ കെ എന്നീ വിദ്യാർത്ഥികൾ ക്യാമറ കൈകാര്യം ചെയ്തു. ലിറ്റിൽ കൈറ്റ്സ് 2023 – 26 ബാച്ചിലെ കുട്ടികൾ ഈ അഭിമുഖം ഉൾപ്പെടുത്തി ഒരു ഡോക്യുമെന്ററി തയ്യാറാക്കി.

## ഷൂട്ടിംഗ്



കൊടുവള്ളി : കൊടുവള്ളിഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ ഹരിത വിദ്യാലയം റിയാലിറ്റി ഷോയ്ക്ക് വേണ്ടി വീഡിയോ തയ്യാറാക്കുന്നതിന് ഷൂട്ടിംഗ് നടന്നു. പൊതു വിദ്യാഭ്യാസമേഖലയിലെ മികവുകൾ ഉയർത്തിക്കാട്ടുന്ന വിദ്യാലയങ്ങളുടെ ലിസ്റ്റിൽ ഇടം നേടിയ ജിഎച്ച്എസ്എസ് കൊടുവള്ളി കേരള ഗവൺമെന്റിന്റെ കീഴിലുള്ള കൈറ്റ് നടത്തുന്ന ഹരിതവിദ്യാലയം റിയാലിറ്റി ഷോയുടെ നാലാം എഡിഷനിൽ പങ്കെടുക്കുന്നതിന് വേണ്ടിയാ ണ് വീഡിയോ തയ്യാറാക്കിയത്. നേരത്തെ സ്കൂളിൽ നടന്ന എ ല്ലാ പ്രവർത്തനങ്ങളും വീഡിയോയിൽ ഉൾപ്പെടുത്തി മൂന്നുമി നി റ്റുള്ള വീഡിയോ തയ്യാറാക്കി. യുപി വിഭാഗം അധ്യാപകൻ അ ബ്ദുറഹിമാൻ സാർ ലിറ്റിൽ കൈറ്റ്സ് മെന്റർ ഫിർദൗസ് ബാനു ടീച്ചർ എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.


## മീഡിയ ആൻഡ് ഡോക്യുമെന്റേഷൻ



കൊടുവള്ളി : കൊടുവള്ളി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് 20025 – 28 ബാച്ചിലെ വിദ്യാർത്ഥികൾക്ക് വേണ്ടി മീഡിയ ആൻഡ് ഡോക്യുമെന്റേഷൻ പ്രോഗ്രാം നടത്തി . എട്ടാം ക്ലാസിലെ അംഗങ്ങളുടെ റൂട്ടീൻ ക്ലാസിലെ പ്രവർത്തനങ്ങളാണ് ഡിസംബർ 20 ശനിയാഴ്ച ഐടി ലാബിൽ വച്ച് നടന്നത് .പത്രവാർത്ത എങ്ങനെ തയ്യാറാക്കാം, ഡിഎസ്എൽആർ ക്യാമറ ഉപയോഗിച്ച് ഫോട്ടോ വീഡിയോ എടുക്കു ന്നതെങ്ങനെ, ഓഡിയോ ആൻഡ് വീഡിയോ എഡിറ്റിംഗ് ,എന്നീ പ്രവർത്തനങ്ങൾ അന്നത്തെ ക്ലാസിൽ ചർച്ച ചെയ്തു.


Haritha Vidhyalayam
Reality Show
Season 4.0
Floor shot-GHSS KODUVALLY
Leju
Leya
Azmil
Riza Ali
Jazib
Manushika
Ajwa
Devakripa
Date: 2 January 2026
Time: 11.30am
Venue: KITE Office,Thiruvananthapuram
Celebrating Student Creativity & Green Initiatives


GHSS KODUVALLY
TEAM HARITHA VIDYALAYAM


PROUD MOMENT!
Haritha Vidyalayam: This time, we're in the spotlight!"
GHSS KODUVALLY








INTERVIEW




വാർത്താ അവതരണം







സ്നേഹയാത്ര




ടെക്ക് കുടുംബശ്രീ


ഉമ്മൂർ മുഴി വാർഡ് കൗൺസിലർ ഷബ്ന
സുനീർ & ടീം സന്ദർശിക്കുന്നു


സ്കൂളിൽ വച്ച് നടന്ന എൻഎസ്എസ് സപ്തദിന
ക്യാമ്പിന്റെ ഭാഗമായി നടത്തിയ മെഡിക്കൽ
ക്യാമ്പിൽ നിന്നും


International Day Of
MATHEMATICS
22
An equation means nothing to me unless it expresses a thought of God.
—Srinivasa Ramanujan
GHSS KODUVALLY



Merry
CHRISTMAS
AND HAPPY NEW YEAR
GHSS KODUVALLY


HAPPY CHRISTMAS AND HAPPY NEW YEAR


١٨ ديسمبر
ഡിസംബർ 18
اليوم العالمي للغة العربية
ലോക അറബി ഭാഷാ ദിനം
WORLD ARABIC LANGUAGE DAY
ARABIC CLUB
GHSS KODUVALLY


GHSS KODUVALLY
LK ROUTINE CLASS
Media and Documentation
2025-28 Batch
20 December 2025
Saturday


Christmas Special
സേമിയ പായസം
Tomorrow 23/12/25
Merry Christmas
GHSS KODUVALLY


GHSS KODUVALLY
Merry
CHRISTMAS


Happy New Year!
2026
little kites
Ghss koduvally